**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടങ്ങളിലെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയഭൂമിയിലെ നിർമ്മാണങ്ങൾ ക്രമപ്പെടുത്തുന്നതിന് ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്ത കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടയഭൂമിയിലെ അനധികൃത നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള പട്ടയ വ്യവസ്ഥ ലംഘനങ്ങൾ ക്രമപ്പെടുത്തുന്നതിനായി 1960 ലെ ഭൂപതിവ് നിയമം ഭേദഗതി വരുത്തുകയും ഇത് സംബന്ധമായ കരട് ചട്ടത്തിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതും സബ്ജക്ട് കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തിയിട്ടുള്ളതുമാണ്. ചട്ടം വിജ്ഞാപനം ചെയ്യുന്നതോടെ പ്രാബല്യത്തിൽ വരുന്നതാണ്. |
| (ബി) | ഭൂപതിവ് ചട്ട ഭേദഗതിയിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | പട്ടയഭൂമിയിലെ അനധികൃത നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള പട്ടയ വ്യവസ്ഥ ലംഘനങ്ങൾ ക്രമപ്പെടുത്തുന്നതിനായി 1960 ലെ ഭൂപതിവ് നിയമം ഭേദഗതി വരുത്തുകയും ഇത് സംബന്ധമായ കരട് ചട്ടത്തിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതും സബ്ജക്ട് കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തിയിട്ടുള്ളതുമാണ്. ചട്ടം വിജ്ഞാപനം ചെയ്യുന്നതോടെ പ്രാബല്യത്തിൽ വരുന്നതാണ്. |
| (സി) | പട്ടയഭൂമിയിലെ നിർമ്മാണ നിയന്ത്രണങ്ങൾ ഒഴിവാക്കി പട്ടയഭൂമി സ്വതന്ത്രമായി വിനിയോഗിക്കുന്നതിനുള്ള അവകാശം ഉടമകൾക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | 1960 ലെ കേരളാ ഭൂമി പതിവ് നിയമത്തിൽ 2023 ലെ ഭേദഗതി മുഖേന കൂട്ടിച്ചേർത്ത 4 A (1), 4 A (2) എന്നീ ഉപവകുപ്പുകൾ പ്രകാരം യഥാക്രമം ഭേദഗതി പ്രാബല്യത്തിലായ 7.6.2024 ന് മുമ്പായി വിവിധ ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള പട്ടയ ഭൂമികളിൽ പട്ടാദാരന്മാർ നടത്തിയിട്ടുള്ള പട്ടയ വ്യവസ്ഥ ലംഘനങ്ങൾ ക്രമവൽക്കരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതാണ് 4 A(1) എന്ന ഉപവകുപ്പിലെ വ്യവസ്ഥ. ഇത് സംബന്ധമായ ചട്ടങ്ങളുടെ കരട് പരിഗണനയിലാണ്. നിയമഭേദഗതി തീയതിക്ക് മുമ്പ് പട്ടയ വ്യവസ്ഥകൾക്ക് വിപരീതമായി പട്ടയ ഭൂമിയിൽ വരുത്തിയിട്ടുള്ള നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള ചട്ട/പട്ടയ വ്യവസ്ഥാലംഘനങ്ങൾ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്രമവൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ് പ്രസ്തുത ഭേദഗതി. |

സെക്ഷൻ ഓഫീസർ